ഭൂജലവകുപ്പിന്റെകീഴിൽ നടപ്പിലാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 2,58,415 രൂപ പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ച് കമ്മീഷനിംഗ് ചെയ്തു.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിൽ 2009-10 വർഷം നടപ്പാക്കിയ പണികളിൽ 12.30 ലക്ഷം മൊത്തം അടങ്കൽ തുക വരുന്ന നാല് പണികളും 2010-11-ൽ നടപ്പാക്കിയ പണികളിൽ 49 ലക്ഷം രൂപ മൊത്തം അടങ്കൽ തുക വരുന്ന പതിമൂന്നു പണികളും നടന്നുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ പാറശ്ശാലയും സമീപ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ അടങ്കൽ തുക 136 കോടി രൂപയാണ്. ഈ പദ്ധതിയുടെ പ്രധാന ഘടകമായ കാളിപ്പാറയിൽനിന്നും പൊൻവിളവരെ ശുദ്ധജലം എത്തിക്കുന്ന 38 കിലോമീറ്റർ നീളമുള്ള പ്രധാന പൈപ്പുലൈൻ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് വിളിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ പ്രധാന പണിയുടെ എസ്റ്റിമേറ്റ് തുക 72 കോടി രൂപയാണ്. കോവളം മണ്ഡലത്തിൽപ്പെട്ട കാഞ്ഞിരംകുളം കരുംകുളം എന്നീ പഞ്ചായത്തുകളിൽ പുതിയ സംഭരണികൾ സ്ഥാപിക്കുക, പ്രധാന പൈപ്പുലൈനുകൾ സ്ഥാപിക്കുക/മാറ്റി സ്ഥാപിക്കുക/പഴകിയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുക/പുതിയ ലൈനുകൾ സ്ഥാപിക്കുക തുടങ്ങിയ അനുബന്ധ പണികൾക്ക് 7 കോടി രൂപ, 136 കോടി രൂപയുടെ പ്രധാന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ജലസംഭരണി നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് കൈമാറുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 486 ലക്ഷം രൂപയാണ്. ഇതിന്റെ ദർഘാസുകൾ വാട്ടർ അതോറിറ്റിയുടെ ഹെഡാഫീസിൽ പരിശോധനയിലാണ്.

1. വിഴിഞ്ഞം ശുദ്ധജല വിതരണ ഗ്യാലറിയുടെ പുനരുദ്ധാരണം എസ്റ്റിമേറ്റ് തുക 57 ലക്ഷം രൂപ.
2. എംഡബ്ല്യൂഎസ്എസ്- സിസിലിപുരം 20 ലക്ഷം രൂപ.
3. പദ്ധതി 609/08 അടങ്കൽ തുക-40 ലക്ഷം രൂപ.
4. പദ്ധതി 731/2010 അടങ്കൽ തുക 25 ലക്ഷം രൂപ.

മേൽപ്പറഞ്ഞ 4 പദ്ധതികൾ എല്ലാം പൂർത്തിയായി.

എ.എസ്. നഗർ ശുദ്ധജല വിതരണ പദ്ധതി

143 (1871) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എ. എസ്. നഗർ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എ.എസ്. നഗർ ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ്ഹൗസ്, ഗ്യാലറി, ഉന്നതതല ജല സംഭരണി എന്നിവ പൂർത്തീകരിച്ചു. പമ്പ്സെറ്റ് ടെണ്ടർ ചെയ്തു. പമ്പിങ്ങ് മെയിനിന്റെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകി. വിതരണ ശൃംഖല ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതി 9/2011-ൽ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

കുപ്പിവെള്ള നിർമ്മാണ കമ്പനിക്ക് പ്രവർത്തനാനുവാദം

144 (1872) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും കുപ്പിവെള്ള നിർമ്മാണ കമ്പനിക്ക് പ്രവർത്തന അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പ്രവർത്തനാനുമതി നൽകിയിട്ടില്ല. എന്നാൽ ശ്രീ. ബെന്നി ജബകുമാർ ജോസിന്റെ ഉടമസ്ഥതയിലുള്ള മെ അകാട്ടിക് ഇൻഡസ്ട്രീസ്, മടലയിൽ കട്ടാക്കൽ, വെളിയന്നൂർ, വെള്ളനാട് എന്ന യൂണിറ്റിന് 28-10-2010-ൽ ഫാക്ടറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള "ഡീംഡ്പെർമിറ്റ്" നൽകിയിട്ടുണ്ട്.

കണിയാമ്പറ്റ കുടിവെള്ള പദ്ധതി

145 (1873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പറ്റമണ്ഡലത്തിലെ കണിയാമ്പറ്റ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(സി) എത്ര പേർക്ക് പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തനക്ഷമ മാകുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly